copy B2

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് - മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ നിന്നും ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിലേക്ക് ഷിഫ്റ്റ് ചെയ്ത ലാബ് ടെക്നീഷ്യൻ തസ്തിക മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിലേക്ക് പുന:സ്ഥാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും(എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1066/2022/LBR തീയതി,തിരുവനന്തപുരം, 03-09-2022

പരാമർശം:- 1) 25.07.2014 ലെ സ.ഉ(സാധാ)നം.996/2014/തൊഴിൽ.

2) 07.08.2017ലെ സ.ഉ(അച്ചടി)നം.102/2017/ധന.

3) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 08.02.2022 ലെ ബി2-21415/2011/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ ഉണ്ടായിരുന്ന ഒരു ലാബ് ടെക്നീഷ്യൻ തസ്തിക ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിലേക്ക് ഷിഫ്റ്റ് ചെയ്ത് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ രോഗികളുടെ തിരക്ക് വർദ്ധിച്ചുവരുന്നതിനാലും പുതുതായി ഒരു ഡയാലിസിസ് യൂണിറ്റ്, ഐ.സി യൂണിറ്റ് എന്നിവയുടെ പ്രവർത്തനം ആരംഭിക്കാൻ പോകുന്നതിനാലും ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിലേക്ക് ഷിഫ്റ്റ് ചെയ്ത പ്രസ്തുത ലാബ് ടെക്നീഷ്യൻ തസ്തിക മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിലേക്ക് പുനഃസ്ഥാപിച്ചു നൽകണമെന്ന് പരാമർശം 3 ലെ കത്ത് പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ നിന്നും ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിലേക്ക് ഒരു ലാബ് ടെക്നീഷ്യൻ തസ്തിക ഷിഫ്റ്റ് ചെയ്ത് പുറപ്പെടുവിച്ച പരാമർശം 1 ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യും പ്രസ്തുത ലാബ് ടെക്നീഷ്യൻ തസ്തിക മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിലേക്ക് പുനഃസ്ഥാപിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ എസ്

അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക

വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.